KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ഫ്രീ വിംഗ്സ്



## ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്
## ലിറ്റിൽ കൈറ്റ്സ്

LK/20002/2018






# നമുക്ക് പറക്കാം

ജീവിത പരിസരങ്ങളിൽ നിന്ന് ലഭിക്കുന്ന അനിർവചനീയമായ അനുഭൂതികളെ ആസ്വാദകർക്ക് പകർന്നു നൽകുന്ന അൽഭുത സിദ്ധിയാണ് സർഗ്ഗാത്മകത.തന്റെ കഴിവുകളെ അനിയന്ത്രിതമായി പകർന്നു നൽകാനുള്ള അവസരം കുട്ടികൾക്ക് നൽകേണ്ട കടമ വിദ്യാലയത്തിനുണ്ട് പാഠ്യ-പാഠ്യേതര വിഷയങ്ങളിൽ കുട്ടികളുടെ മികവ് പ്രകടിപ്പിക്കാൻ നിരവധി അവസരങ്ങൾ കുട്ടികൾക്ക് ഇന്നുണ്ട്.

സോഷ്യൽ മീഡിയ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം ചെറുതല്ല. ഈയൊരവസരത്തിലാണ് വട്ടേ നാട് ഗവൺമെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ് അംഗങ്ങൾ "ഫ്രീവിംഗ് സ്" എന്ന ഡിജിറ്റൽ മാസിക പുറത്തിറക്കാൻ തീരുമാനിച്ചത്. പേര് സൂചിപ്പിക്കുന്നതു പോലെ തന്നെ കുട്ടികളുടെ ജന്മ സിദ്ധമായ കഴിവുകൾക്ക് പറന്നുയരാൻ, സ്വതന്ത്രമായി ആവിഷ്ക്കരിക്കാൻ വേദിയൊരുക്കുകയാണ് നാം

കുട്ടികളുടെ സ്വതസിദ്ധമായ ഈ ആവിഷ്ക്കാരത്തെ സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

**എഡിറ്റർ**

# ലിറ്റിൽ കൈറ്റ്സ് 2019- 2021




ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്






# വികസന പാതയിൽ












## ഫ്രീ വിംഗ്സിലൂടെ


നമുക്ക് പറക്കാം....1

ലിറ്റിൽ കൈറ്റ്സ് 2019- 2021....2

ഫ്രീക്കൻ....8

ലിറ്റിൽകൈറ്റ്സ്....10

ഇവർ അഭിമാന താരങ്ങൾ....11

അടിവര....14

ഇരുട്ടിന്റെ....16

രാജകുമാരി....16

വനയാത്ര- തീർത്ഥയാത്ര....17

വരകൾ....18

വരകൾ....19

മകൾ....20

ജലം അമൂല്യമാണ്....22

നോട്ട....23

വരകൾ....24

....24

THE DUMB SOCIETY....25

നിറം മങ്ങിയ ദിനങ്ങൾ....26

നീ....27

ഡിജിറ്റൽ പൂക്കളം....28

വരകൾ....29

താണ്ഡവം....30

TRUTH OF NATURE....30

കഥ ആസ്വാദനം....31

കണ്ണീർപെയ്ത്ത്....35

വരകൾ....36

DREAM....37

എന്റെ മണ്ണ്....38

കാർട്ടൂൺ....39

വരകൾ....40






# സന്ദേശം

റാണി അരവിന്ദൻ
പ്രധാനധ്യാപിക



നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ  കൈറ്റ്സ് *ഫ്രീ വിംഗ്സ് * എന്ന പേരിൽ ഒരു ഇ -മാഗസിൻ പ്രസിദ്ധീകരിക്കുന്ന സംരഭത്തിലാണെന്നറിഞ്ഞതിൽ ആധിയായി സന്തോഷിക്കുന്നു.  വിദ്യാർത്ഥികൾകൾക്കിടയിൽ  ഇ വായന അധികരിച്ച ഈ കാലഘട്ടത്തിൽ എന്ത് കൊണ്ടും   ഇ മാഗസിൻ വായന കുട്ടികൾക്കിടയിലും രക്ഷിതാക്കൾക്കിടയിലും അധ്യാപകർക്കിടയിലും സ്വീകാര്യത ഏറുമെന്ന കാര്യത്തിൽ സംശയമില്ല. പുസ്തക താളുകളിലെ വായനയുടെ ഊർജ്ജം ഒട്ടും കുറയാതെ കൊണ്ട് നടക്കണമെന്ന് ഈ അവസരത്തിൽ ഓർമപ്പെടുത്തുന്നു. ഹൈടെക്കിന്റെ പാതയിലേക്ക് ചുവടുവെച്ചിരിക്കുന്ന നമ്മുടെ വിദ്യാലയത്തിലെ നൂതനമായ ഈ ഉദ്യമം തികച്ചും അഭിനന്ദനീയം തന്നെ.  ലിറ്റിൽ കൈറ്റ്സ്ന് എല്ലാ വിജയാശംസകളും നേരുന്നു.

ഗോപി. ടി.കെ
പി.ടി.എ. പ്രസിഡന്റ്



വളപ്പൊട്ടും, മഷി തണ്ടും ,മയിൽ പീലിയും, പ്ലാവില തൊപ്പിയും, ഓല പന്തും അരങ്ങു തകർത്തൊരോർമ്മകാലം മനസിൽ സൂക്ഷിക്കുമ്പോൾ ശാസ്ത്രം കാലഘട്ടത്തിനേ കിയ വിവര സാങ്കേതികത ചിന്തകൾക്കു മുന്നേ പായുന്നു - സർഗാത്മകതയുടെ ഭാവനക്കു പോലും ശാസ്ത്രത്തിന്റെ ഈ ശിൽപ ചാരുത തനിമയേ കുമ്പോൾ ഇനിയുമെത്രയോ കാതങ്ങൾ, തലങ്ങൾ എത്തിപ്പിടിക്കാനാവുമെന്നോർക്കുമ്പോൾ, അവ മനുഷ്യ സ്നേഹത്തിനും, സാംസ്കാരിക ഭദ്രതക്കും പുരോഗതിക്കും ഉപകരിക്കാൻ മാത്രമായി തീരട്ടെ എന്നാ ശംസിക്കുന്നു - വാനോളം സ്വപ്നങ്ങൾ തന്ന് അഗ്നി ചിറകുമായി ഇതിലേ കടന്നു പോയവർ മാതൃകയായി തീരട്ടെ - അഭിനന്ദനങ്ങൾ

പ്രസന്ന ടീച്ചർ
പ്രിൻസിപ്പാൾ, HSS



ഭാഷ ശക്തമായ ഒരായുധമാണ്. ഓരോ മനുഷ്യജീവിയും ഞാനിവിടെയുണ്ട് എന്ന് രേഖപ്പെടുത്തുന്നത് തന്നെ ഞാൻ ചിന്തിക്കുന്നുണ്ട് എന്ന് ഉറപ്പ് നൽകിക്കൊണ്ടാണ്. അതിന്റെ ഒരു സാക്ഷ്യമാണ് എഴുത്. *ഫ്രീ വിംഗ്സ് * എന്ന ഇ -മാഗസിൻപറയുന്നതും അതാണ്....

അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുന്ന സ്കൂളിലെ നവമുഖങ്ങളുടെ ചിന്തകൾ  ഇ വായനക്കായി നമുക്ക് മുന്നിൽ എത്തുകയാണ്. ഫ്രീ വിംഗ്സ് ഇ - മാഗസിൻ നെയ്തെടുത്ത എല്ലാവർക്കും ഹൃദ്യമായ ആശംസകൾ.

ഷാജീവ്. കെ
പ്രിൻസിപ്പാൾ
വി.എച്ച്.എസ്.ഇ



കാലമാണവിശ്രമം
പായുമെന്നശ്വം

എന്ന അർഥവത്തായ കവിവാക്യം പലതിന്റേയും ഓർമ്മമെടുത്തലാണ് " മഷിക്കുപ്പിയും മയിൽപ്പീലിയും വളപ്പൊട്ടുകളുമെല്ലാം ട്രാഷ് ഫോ?ൾഡറിലേക്ക് മാറി വിരൽ തുമ്പുകൾ കൊണ്ട് അക്ഷരങ്ങളെ ഉണർത്താൻ തുടങ്ങി എന്നാലും ഇന്നും അതിരുകളില്ലാത്ത ഭാവന ചിറകടിച്ചുയരെ പറക്കുന്നുണ്ട് വിശാലമായ വാനം അനന്തതയിലേക്ക് അതിന്റെ വാതിൽ തുറന്നിട്ടിരിക്കുന്നു ആവോളം സഞ്ചരിക്കട്ടെ. ആറ്റിക്കുറുക്കിയ വാക്കുകൾ സർഗ്ഗാത്മകതയുടെ ഫോൾഡറിലേക്ക് സേവ് ചെയ്യാനാവട്ടെ കൈപ്പിടിക്കുള്ളിലേക്ക് ചുരുങ്ങിപ്പോകുന്ന ലോകമനസ്സുകളെ ഊതി വീർപ്പിക്കാൻ അക്ഷരങ്ങൾക്കു കഴിയട്ടെ ഊഷരത യേറിയ വരണ്ട മണ്ണിലേക്ക് നനവായി മാറി പുതിയ പുൽനാമ്പു ക ൾ ക്ക് ജന്മമേകാൻ കരുത്തുണ്ടാവട്ടെ

ഹൃദ്യമായ ആശംസകൾ

# ഫ്രീക്കൻ

സാഹിത്യവും കലയും സാമൂഹിക നിർമ്മിതിയാണ്.ഇവയിലൂടെ നാം തിരിച്ചറിയുന്നത് അതുൾക്കൊള്ളുന്ന സമൂഹത്തെയും സംസ്കാരത്തെയുമാണ്. ആ നിലയ്ക്ക് കളിക്കൂട്ടം നാടകസംഘത്തിന്റെ ഫ്രീക്കൻ അനേകം വേദികളിൽ അവതരിപ്പിക്കപ്പെടേണ്ടതുണ്ട്.



നാനാത്വത്തിൽ ഏകത്വം എന്നത് ഭാരതത്തിന്റെ മുഖമുദ്രയാണ്. വിശാലമായ ചിന്താധാരയാണ്. എന്നിട്ടും പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ചരിത്രം സമാന്തരമായി ഈ സമൂഹത്തോട് പലതും പറയുന്നുണ്ട്. അത് കാണാതെ പോകരുത്.



സ്വതന്ത്രവും സാർവജനീനവുമായ ഒരു കലയായി നമ്മുടെ വിദ്യാഭ്യാസ രീതി പരിഷ്കരിക്കപ്പെടേണ്ടതുണ്ട് എന്നാണ് ഫ്രീക്കൻ തുറന്നു പറയുന്നത്. ലോകമൊട്ടാകെയുള്ള വിദ്യാർത്ഥികളുടെ പ്രതിനിധിയാണ് ഫ്രീക്കൻ. അതിരില്ലാത്ത ലോകങ്ങളിലൂടെയും വർണങ്ങളിലൂടെയും സഞ്ചരിക്കാൻ

ഇഷ്ടപ്പെടുന്ന ഫ്രീക്കന് നിലവിലുള്ള പഠനവ്യവസ്ഥകളെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. കടിച്ചാൽ പൊട്ടാത്ത വാക്കുകളുമായി സംസകാരവും പൈതൃകവും തെരുവിൽ ഛർദ്ദിക്കുന്ന ബുജികളെ അവൻ പരിഹസിക്കുന്നു. സാധാരണക്കാരന് മനസ്സിലാകുന്ന നാടൻ പാട്ടുകളിൽ എല്ലാ വിഭാഗങ്ങൾക്കും മനസ്സിലാക്കാനുള്ള ജീവിതവും ഭാഷയും ഉണ്ടെന്ന് അവൻ ഉറക്കെപ്പറയുന്നു. അതോടൊപ്പം അംബേദ്കറിന്റെ ചിന്തകളിൽ ഉയർന്നു വരുന്ന മാനവികതയെക്കുറിച്ച് ബോധവാനാകുന്നു. ക്ലാസ് മുറികളും യൂണിഫോമും വിദ്യാർത്ഥികളെ തളച്ചിടാനുള്ള ചങ്ങലയായി അവന്

അനുഭവപ്പെടുന്നു.പുരുഷോത്തമൻ മാഷുടെ വേഷവും ഭാഷയും ഭഹിക്കാതെ ഉച്ചയ്ക്ക് ഭക്ഷണം ലഭിക്കുമെന്നുള്ള ഒറ്റ ലാഭത്തിൽ മാത്രമാണ് സ്ക്രൂളിലേക്ക് വരുന്നതെന്ന് മടിയില്ലാതെ പറയുന്നു.




കുട്ടിയെ മാറ്റിയെടുക്കാനുള്ള അധ്യാപകന്റെ ശ്രമങ്ങളെല്ലാം പരാജയപ്പെടുന്നു. ഒടുവിൽ കുട്ടികൾക്കറിയാവുന്ന ഭാഷയിലേക്കും അവർ ആഗ്രഹിക്കുന്ന വിദ്യാഭ്യാസ നയങ്ങളിലേക്കും തന്റെ വിദ്യാഭ്യാസ രീതിയെ പുരുഷോത്തമൻ മാഷ് പരിഷ്കരിക്കുന്നു . കുട്ടിക്കും അധ്യാപകനും ഒരു പോലെ വിനിമയം ചെയ്യാവുന്ന വിദ്യാലയ ലോകത്തിൽ പല വർണങ്ങളും സംസ്കാരവും ഒന്നിച്ചു ചേരുന്നു. അവയുടെ തനിമയും സ്വത്വവും ഏച്ചുകൂട്ടലുകളില്ലാതെ നിലനിൽക്കുകയും ചെയ്യുന്നു.  നാളിതുവരെയും കൊണ്ടുനടന്ന ചില ബോധ്യങ്ങളെ തിരുത്തുവാനാണ് ഫ്രീക്കൻ എന്ന നാടകത്തിന്റെ അണിയറ പ്രവർത്തകർ ശ്രമിക്കുന്നത്.





# ലിറ്റിൽകൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. 2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.





ലിറ്റിൽ കൈറ്റ്സ് അംഗങ്ങളെ കൈറ്റ്സ് നല്കിയ ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ അഭിരുചി പരിക്ഷ നടത്തിയാണ് തെരെഞ്ഞെടുത്തത്. അനിമേഷൻ, പ്രോഗ്രാമിങ്, മലയാളം ടൈപ്പിങ്, ഇന്റർനെറ്റ്, മൊബൈൽ ആപ്പ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് എന്നീ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നല്കുന്നു.

'സ്മാർട്ട് അമ്മ ' എന്ന പേരിൽ അമ്മമാരേയും സ്മാർട്ടാക്കുന്ന ക്ലാസുകൾ സംഘടിപ്പിച്ചു ലിറ്റിൽ കൈറ്റ്സ് പുതിയ പ്രവർത്തനങ്ങളുമായി മാതൃകയാകുന്നു.



# ഇവർ അഭിമാന താരങ്ങൾ



ഷിബിൻ സുരേഷ്

1. പി. എൻ. പണിക്കർ വായന ക്വിസ് ജില്ലയിൽ ഒന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ അഞ്ചാം സ്ഥാനവും
2. സംസ്ഥാന ശാസ്ത്രമേള സയൻസ് ക്വിസ് നാലാം സ്ഥാനം, എ ഗ്രേഡ്
3. പത്ര വാർത്താ പാരായണം സംസ്ഥാന തലത്തിൽ A ഗ്രേഡ്
4. ദേശാഭിമാനി അക്ഷരമുറ്റം ക്വിസ് സംസ്ഥാന തലത്തിൽ ആറാം സ്ഥാനം



സംസ്ഥാന ഐ.ടി മേള മലയാളം ടൈപ്പിങ്ങും ലേഔട്ടും മൂന്നാം സ്ഥാനം, എ ഗ്രേഡ്

പൗർണ്ണമി. എം



സംസ്ഥാന ഐ.ടി. മേള രചനയും അവതരണവും എ ഗ്രേഡ്

കാർത്തിക .ടി

സംസ്ഥാന പ്രവർത്തി പരിചയ മേള പാവ നിർമ്മാണം എ ഗ്രേഡ്



അമൃത



സനൽദാസ്

സംസ്ഥാന പ്രവർത്തി പരിചയ മേള coconut shell product എ ഗ്രേഡ്



അനീറ്റ അന്ന നെൽസൺ

സംസ്ഥാന സാമൂഹ്യ ശാസ്ത്ര മേള അറ്റ്ലസ്
നിർമ്മാണം എ ഗ്രേഡ്

പ്രതിഭ ക്വിസ് യു.പി വിഭാഗം പാലക്കാട്
ജില്ല ഫസ്റ്റ്, സംസ്ഥാന തലത്തിൽ
പങ്കെടുക്കുന്നു



നിവേദിത, അഭിനവ്






# അടിവര

HANNA HANAN. A V
10 J

പ്രളയം.... ജനപ്രളയമാണ് വീട്ടിലാകെ. ചിലരുടെ കണ്ണുകൾ ചുവന്നു തുടുത്തിരുന്നു. ചിലരിൽ പ്രതീക്ഷ ചിലരിൽ നിരാശ. എന്റെയുള്ളിൽ എവിടെയൊക്കെയൊ അവശേഷിക്കുന്ന ജീവൻ മറ്റുള്ളവരുടെ വാക്കുകളെ ശ്രവിക്കുന്നുണ്ട്. ചിലർ എന്റെ ജീവൻ അടിവരയിട്ട് പോലെയൊരു തോന്നൽ. എന്നാൽ ചിലരുടെ വാക്കുകൾ വലിയ പ്രതീക്ഷയാണ് ജീവൻ നൽകുന്നത്. എന്നാൽ മകന്റേയും മരുമകളുടെയും കാര്യം ഓർക്കുമ്പോൾ അറിയാതെ ഞാൻ ആ മരത്തെ ആശിച്ചു പോകുന്നു.

നേരം ഒരുപാട് വൈകിയിരുന്നു. സൂര്യനുദിക്കാൻ ഇനിയും ഒരുപാട് സമയമുണ്ട്. മരുമകളുടെ തന്നെയോർത്തുള്ള വേവലാതികൾ ഇടയ്ക്കിടയ്ക്ക് അപ്പുറത്തെ മുറിയിൽ നിന്നും കേൾക്കുന്നുണ്ട്. പെട്ടന്നായിരുട്ടിൽ ഒരാൾ വന്നു കതകു തുറന്നു. ആ ഇരുണ്ട രൂപം ആദ്യമെന്നെ ഭയപ്പെടുത്തി. അയാൾ എന്റെ കൈകളിൽ മുറുക്കി പിടിച്ചപ്പോൾ എനിക്കനുഭവപ്പെട്ടത് എന്തെന്നില്ലാത്ത ഒരു സുഖമാണ്. ഞാൻ അ ഇരുണ്ട മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. അതെന്നെ പിടിച്ചെഴുന്നേൽപ്പിച്ചപ്പോൾ സർവവേദനയും മറന്ന് ഞാൻ ആ വിരിയിൽ നിന്നെഴുന്നേറ്റു.

അയാൾ എന്നെ ഇരുട്ടിലേക്ക് ക്ഷണിച്ചു. ആ ഇരുട്ടിലൂടെയുള്ള യാത്രയെനിക്ക് എന്റെ ബാല്യവും, കൗമാരവും യൗവ്വനവും പിന്നെ വാർദ്ധക്ക്യവും കാണിച്ചു തന്നു. എനിക്കനിയൻ പിറന്നത്, അമ്മിണിയുമായ് മണ്ണപ്പം ചുട്ടു കളിച്ചത് സീതയുടെ കഴുത്തിൽ താലി ചാർത്തിയത്, മക്കൾ ജനിച്ചത്, മാതാപിതാക്കൾ മരണപ്പെട്ടത്, പേരക്കുട്ടികൾ ജനിച്ചത്, സീതയുടെ മരണം.







ഓരോ ഓർമകളും എന്നിൽ മധുരവും കൈപ്പും നിറച്ചു. ഒടുവിൽ ആ ഇരുണ്ട മനുഷ്യൻ എനിക്കു നേരെ കൈ നീട്ടി. നിറഞ്ഞ സംതൃപ്തിയിൽ ഞാനാ കൈകളെ പിടിച്ച് യാത്ര തിരിച്ചു. ലോകം മുഴുവൻ ശാന്തമായ്, ജീവിതം നിശ്ചലമായ്.

നേരം പുലർന്നു കാണും, അവർ എന്നെ തൊട്ടു കാണും, അപ്പോൾ ഞാൻ ഉണർന്നിട്ടുണ്ടാവില്ല. അപ്പോൾ അവർ മനസ്സിലാക്കും ആ പ്രപഞ്ച സത്യം...

# ഇരുട്ടിന്റെ

# രാജകുമാരി



മിന്നിത്തിളങ്ങുന്ന മിന്നാമിനുങ്ങേ...
ഇത്തിരി പോന്നതല്ലേ നീ...
മിന്നിത്തിളങ്ങുന്ന ദീപപ്രകാശമേ...
ഇരുട്ടിന്റെ കാവലായ് നീ നടക്കും..
ഇരുട്ടിൽ വെളിച്ചവും നീ തരും
ഇരുട്ടന്റെ രാജകുമാരി നീ..

ഇത്തിരി പോന്നത്
ആണെങ്കിലും
ഒത്തിരി വെളിച്ചം
നീ തരുന്നു.
രാത്രിയിൽ മാത്രം
മിന്നിതിളങ്ങി
പകലുകളിൽ നീ എവിടെ
പോയ് മറഞ്ഞു...

# വനയാത്ര- തീർത്ഥയാത്ര

ആര്യ ലക്ഷ്മി
8 J

അതിരപള്ളി - വാഴച്ചാലിലേക്ക്....
പുഴയോടൊപ്പമൊഴുകി, കിളയോടൊപ്പം പറന്ന്,
ചൂളക്കാക്കയുടെ പാട്ടിന്
താളം പിടിച്ച് ഞങ്ങളങ്ങനെ.....
തീർത്ഥാടനത്തിനായ്......



കൊടും വനത്തിലൂടെ
യാത്ര മുന്നോട്ട് പോയി.
നടന്ന് നടന്ന് തളർന്നപ്പോൾ
ഒരട്ടപോലും തിരിഞ്ഞ് നോക്കിയില്ല
എന്നാലും, ചാലക്കുടിപ്പുഴയും,
ആനക്കുത്തിപ്പുഴയും
ഞങ്ങളെ ഹർഷാരവങ്ങളോടെ വരവേറ്റു
പുഴയുടെ സൗന്ദര്യവും സ്നേഹവും
ഞങ്ങളനുഭവിച്ചു.പിന്നീട് മഴയായിരുന്നു കൂടെ.
അവളൊരുഞ്ഞാൽ കെട്ടി
പതിയെ അടാൻ തുടങ്ങി.

പിന്നെപ്പിന്നെ,
ഭൂമിയുടെ ഉള്ളുതട്ടും വരെ ആടി.
ആട്ടവും പാട്ടുമെല്ലാം കഴിഞ്ഞപ്പോൾ
തിരിച്ചു വരവിനുള്ള തയ്യാറെടുപ്പിൽ
ഞങ്ങൾ മുഴുകി.


മരങ്ങളും ചെടികളും
മഴതന്ന കളിയാട്ടത്തിന്റെ
ഓർമകൾ
അയവറക്കിക്കോണ്ടിരുന്നു
മടങ്ങുമ്പോൾ എന്റെ ഹൃദയം
എന്നോട് പറഞ്ഞു
"ഈ തീർത്ഥയാത്രയിൽ
നിന്നിലെ അഴുക്കുകളെല്ലാം
അലഞ്ഞു പോയിരിക്കുന്നു,
ഗംഗാജലത്തിന്റെ യാത്ര
പുണ്യമുള്ള ഈ മണ്ണിൽ വെച്ച്

ഇനി നിനക്ക് പറയാം,
ഞാനൊരു കറകളഞ്ഞ
മനസ്സിനുു
ഉടമയായിരിക്കുന്നുവെന്ന്. "

# വരകൾ


Aysha jasmine

# വരകൾ




medhaja

# മകൾ

ഹന്ന ഹനാൻ
10J

വലിയൊരു യാത്രയുടെ ക്ഷീണത്തിലായിരുന്നവയാൾ. യാത്രാക്ഷീണം അയാളുടെ കണ്ണുകളിൽ അലിഞ്ഞിറങ്ങിയിരുന്നു. വിരിച്ചിട്ട മെത്തയിൽ അയാൾ മെല്ലേ വന്നു കിടന്നു. മെല്ലെ കറങ്ങുന്ന ഫാൻ അയാളിൽ എന്തൊക്കെയോ ഓർമകൾ ചുരുത്തി. ആ നിശ്ശബ്ദയെ പൊട്ടിച്ചു കൊണ്ട് അയളുടെ ഭാര്യ ചോദിച്ചു.

അവളെ കണ്ടോ?.... ആ എന്ന മട്ടിൽ അയാൾ അമർത്തി മൂളി. നിറഞ്ഞ പ്രതീക്ഷ ജ്വലിക്കുന്ന കണ്ണുകളോടെ ആ സ്ത്രീ ആവർത്തിച്ചു. എന്നിട്ടെന്തുണ്ടായേ...? അയാളുടെ മറുപടിക്ക് കാക്കാതെ അവർ തുടർന്നു. അയളെന്നാ വര്കാ....?!! അതിനൊന്നും മറുപടി നൽകാതെ തന്റെ കണ്ണുകൾ അമർത്തിയടച്ച് അയാൾ നടന്നു.

"രാഘ്വേട്ടാ....പൊവ്വാറായില്ലേ?"

ഓട്ടോയെടുത്ത് പോകും വഴി സുനിൽ ചോദിച്ചു.

"പതിനൊന്നു മണീടെ തൃശ്ശൂർ വണ്ടീം കൂടെ വരട്ടെ...ഒരു നൂറ് കൂടീം കിട്ട്യാ അത്രേം കാര്യാണെ..."

അയാൾ മറുപടി നൽകി. "ഇങ്ങള് വെറ്തെ ശരീരം നോക്കാതെ അസുഖോം വരുത്തി വയ്ക്കണ്ടാട്ടോ"

വളരെ സ്നേഹം നിറഞ്ഞ സ്വരമായിരുന്നവത്.

" അതെ മോള്ടെ ഫീസടയ്ക്കാനായി അവസാന കൊല്ലാണെ..."

പിന്നീടധികം സംഭാഷണങ്ങളിൽ മുഴുകാതെ അയാൾ യാത്ര തിരിച്ചു.

നേരം ഒരുപാട് ഇരുട്ടിയിരുന്നു. ആകാശത്തിന്റെ ഇരുട്ട് ഭൂമിയിൽ ചിതറിയിരുന്നു.പെട്ടെന്ന് 2 പേർ വന്ന് അയാളുടെ വണ്ടിയിൽ കയറി.






ഏകദേശം പത്തിരുപത്തഞ്ച് വയസ്സ് പ്രായം വരുന്ന ഒരു ചെറുക്കനായിരുന്നുവത്. അവന്റെ കൂടെ മുഖം മറച്ച ഒരു പെൺകുട്ടിയും ധിക്കാരങ്ങൾക്കൊടുവിൽ ഒന്നിച്ച് ജീവിക്കാൻ തീരുമാനിച്ച രണ്ട് ജീവിതങ്ങളാണതെന്ന് അയാൾക്ക് മനസ്സിലായി.

"ഇവിടെ നിർത്ത്"      ആ ചെറുക്കൻ പറഞ്ഞു.

പരസ്പരം മുട്ടിയുരുമ്മി നടന്നു നീങ്ങുന്ന ആ രണ്ടു ശരീരങ്ങളെ നോക്കി അയാൾ നിന്നു  നാളെ നേരം പുലരുമ്പോൾ അവളുടെ വീട്...അച്ചനും...അമ്മയും..."

പെട്ടെന്ന് കേട്ട ശബ്ദം അയാളെ ഉറക്കത്തിൽ നിന്നുണർത്തി ഏതാണ്ട്       പുലർച്ചെ 3 മണിയായിരുന്നു.അയാൾ മെല്ലെ നടന്ന് തന്റെ മകളുടെ അടച്ചിട്ട മുറി തട്ടി തുറന്നു.ആ വിരിച്ചിട്ട  മെത്തയിൽ തൊട്ടപ്പോൾ മദ്രാസിൽ അയാൾ തന്നെ തന്റെ മകളുടെ തണുത്തുറച്ച ശരീരത്തിന്റെ അതേ തണുപ്പനുഭവപ്പെട്ടു.

അതിൽ കയറികിടന്നുകൊണ്ട് അയാൾ ഉറക്കെ പറഞ്ഞു  എന്റെ "മോളെ....

*************

# ജലം അമൂല്യമാണ്




ജലത്തിന്റെ ലഭ്യത കുറയുന്നുവെന്നു മാത്രമല്ല അതിലടങ്ങിയിട്ടുള്ള വിഷാംശങ്ങളുടെ അളവ് കൂടിവരുന്നത് ജലത്തിന്റെ സ്വാഭാവികമൂല്യം നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. അമൂല്യമായ ജലത്തിന്റെ മൂല്യം കുറയാൻതുടങ്ങിയതാണ് മലിനീകരണത്തിനുശേഷമുണ്ടായ ഏറ്റവും വലിയ ജലദുരന്തം. നാമുപയോഗിക്കുന്ന ജലത്തിന്റെ മൂല്യം തിട്ടപ്പെടുത്താൻ പറ്റാതായത് ജലത്തിന്റെ പ്രകൃതിദത്തമായ ജീവകണമുള്ളതുകൊണ്ടാണ്. അതുകൊണ്ടാണ് ജലം അമൂല്യമാണെന്നു പറയുന്നത്. ......

ജി.വി.എച്ച്.എസ്.എസ്. വട്ടേനാട്






# നോട്ട

ആര്യലക്ഷ്മി

പരേതൻ വോട്ടുചെയ്യാനെത്തി.
ജോസ് പറഞ്ഞു:
എന്നെ കൊന്ന് വണ്ടി തിവച്ചവന്റെ
വെള്ളരിപ്രാവ് ചിഹ്നത്തിൽ
ഞാൻ വോട്ടു ചെയ്യില്ല.

രാമേട്ടൻ കരഞ്ഞു:
എന്റെ തരുക്കൾ വെട്ടിത്തടിയാക്കിയവന്റെ
'തളിരില 'ചിഹ്നത്തിനി എന്റെ വോട്ടില്ല.


സൈനബാത്ത മൊഴിഞ്ഞു
എന്നേം മോളേം വണ്ടികേറ്റിക്കൊന്നവന്റെ
ട്രാഫിക്ക് ലൈറ്റിന്
ഞങ്ങള് ന്റെ വോട്ട് പ്രതീക്ഷിക്കണ്ട.
പോകാനായി ദൈവദൂതൻ ബെല്ലടിച്ചപ്പോൾ
എല്ലാവരും ഒന്നു തീരുമാനിച്ചു.

NONE OF THE ABOVE






# വരകൾ





# THE DUMB SOCIETY

*Today our society is filled with people who gossips all day about things they don' even know about. The younger generation don't even have the right to go to public places together with opposite genders. They are under the autocratic rule of these people.*

*These people think that women should spend their entire life in the backdoors listening to everything what man says .These type people does not know the potential of women. They too deserves equal right in the society just like men in the society. They think that instead of educating women they should get them married. It is because of this people that women are not able to reach the heights of education. Even through these hardship some women achieved fame through education. This shows the will and determination of women. If these people change their point of view, women can achieve greater heights.*

*if by chance a boy and a girl are caught together, the whole problems will be shifted towards the girl. If a boy and a girl elopes, the society will only blame the girl. That is how the society works.*

*Now it is the 21st century, it is about time to change this stereotypes against women in a society.*

**A BETTER PEOPLE MAKES A BETTER SOCIETY**






# നിറം മങ്ങിയ ദിനങ്ങൾ

ആര്യനന്ദ. ആർ
8 M

നിറമുള്ള സ്വപ്നങ്ങൾ തകർത്തെ-
റിഞ്ഞൊരാ ദിനങ്ങൾ
മറവിയുടെ പുസ്തകത്താളിൽ കുറിക്കാ-
നാവാത്ത ചോരയുടെ മണമുള്ള ദിനങ്ങൾ
ചിതറിത്തെറിഞ്ഞൊരാ സ്വപ്നങ്ങളിൽ
രക്ഷക്കായ് കേഴും കരങ്ങൾ മാത്രം
കാറ്റൊന്ന് വീശിയാൽ പിടയുന്ന മനവുമായ്
നാളെയെക്കുറിഞ്ഞൊരു സ്വപ്നവും
ബാക്കി വക്കാതെയീ കൺമുന്നിൽ നിന്നും
അടർത്തിമാറ്റിയ പാതിയെയോർത്ത്
വിലപിച്ച ദിനങ്ങൾ
കാണാക്കയത്തിലേക്കൊഴുകി മാഞ്ഞ
സ്വപ്നങ്ങൾ
എറ്റുവാങ്ങാനായ് അർഹതപെട്ടവർ
നാം തന്നെ. അതെ....അത്
നാം മാത്രം.








# നീ

കമ്പിളിപ്പുതപ്പിൻ ചൂടിൽ
ചുടുക്കാപ്പി മധുരം നുകർന്ന
പ്രണയം പകർന്നതാ
കൊലുസിൻ കൊഞ്ചലുായി ചിണുങ്ങി ചിരിച്ചു കൊണ്ട്
നിന്നരികത്തു  ചായാൻ
നീയായി മാറാൻ എൻ ഏകാന്തത
നിൻ കുളിർമയിലലിയാനായി
ഞാൻകൊതിക്കുന്നു വർഷമേ.....
എന്നിലലിയൂ എന്റെ അനുരാഗമായി മാറാൻ
എന്റെ ദുഃഖമായി മാറാൻ
എന്റെ ആത്മാവിനെ ഞാനിതാ
നിന്നിലേക്ക് പകരുന്നു
എന്റെ ജീവനെ നീ കാത്തുകൊള്ളു
നീയായി നീ എന്നെ എരിച്ചുകൊള്ളു
ഞാനിതാ നിന്റെ നെഞ്ചിലെ ചൂടിനായി
നിന്റെ ആ രാഗത്തിൽ ഞാൻ അലിഞ്ഞിടുന്നു

നന്ദന സന്തോഷ്

# ഡിജിറ്റൽ പൂക്കളം







# വരകൾ






# താണ്ഡവം

പുഴ പുഴയോടിണങ്ങുമ്പോൾ
കര പുഴയോടു ചേരുമ്പോൾ
അറിഞ്ഞിരുന്നില്ല ഞാൻ
ഉലയുകയാണെൻ ജീവിതമെന്ന്
കരിയുകയാണെൻ ആശകളെന്ന്
കരകാണാകയത്തിൽ ഒരു
നോവായ് അലയുമെന്ന്
അരുതേ...എന്തിന് ഞങ്ങളോടിത്
ഈ താണ്ഡവമിനിയും അരുതേ....

## TRUTH OF NATURE

Oh nature! Dear nature
How beautiful you are
Like a marine pearl
Glittering across our dreams
Fulfilling our wishes

you are our mother
The only caring mother
Bearing all our great mistakes
You are still alive
For a new beginning

Always reveal the truth
You are our great mom
Always seen everywhere


DHANUTHRA.J.ANIL
9 L





# കഥ ആസ്വാദനം

ഹരിനന്ദ



ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്ന കഥകളുടെ സുൽത്താനായ വൈക്കം മുഹമ്മദ് ബഷീർ മലയാളസാഹിത്യത്തിൽ എറ്റവും അധികം വായിക്കപ്പെട്ട എഴുത്തുകാരിൽ ഒരാളാണ്. തീക്ഷ്ണമായ അനുഭവങ്ങളുടെ തീവ്രത അദ്ധേഹത്തിന്റെ കഥകളെ എന്നും അനശ്വരമാക്കുന്നു. ലോകം ചുറ്റുന്നതിനിടയിൽ മനുഷ്യജീവിതത്തിന്റെ എല്ലാവശങ്ങളും ദാരിദ്ര്യവും മനുഷ്യദുരയും നേരിട്ട കണ്ട അനുഭവമാണ് അദ്ധേഹത്തിന്റെ കൃതികളിൽ ഉടനീളം.

സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ ബഷീർ പറഞ്ഞ കഥയാണ് ' ഒരു മനുഷ്യൻ'. കഥ തുടങ്ങുതന്നെ കാഥാകൃത്ത് നമ്മളോട് സംസാരിക്കുന്ന രീതിയിലാണ്. അലഞ്ഞ് തിരിഞ്ഞ് നടന്ന് ഒരപകടത്തിൽ പെടുകയും അതിൽ നിന്നും 'ഒരു മനുഷ്യൻ' ദൈവത്തെതന്നെ പോലെ വന്ന് രക്ഷിക്കുകയും ചെയ്യുന്നു.

‘നമ്മുക്കു ചുറ്റും നല്ലയാളുകളും ചീത്തയാളുകളും ഉണ്ട്. അവരെ കരുതി വേണം ജീവിക്കാൻ കള്ളനായാലും പോക്കറ്റടിക്കാരനായാലും അവരിൽ മനുഷ്വത്ത്വവും സ്നേഹവും ഉണ്ടെന്ന്' കഥാകാരന്റെ വാക്കുകൾ വളരെ അർഥവത്തുള്ളതാണ്. ഒരു മനുഷ്യൻ എന്ന കഥയിലേക്ക് കടക്കുമ്പോൾ നമുക്കുച്ചുറ്റുമുള്ള മനുഷ്യവർഗത്തെപ്പറ്റി വ്യക്തമായറിവ് കഥാകാരൻ ഇതിൽ നൽകുന്നുണ്ട്. കഥ നടക്കുന്ന സ്ഥലത്തെക്കുറിച്ചും സംഭവത്തെക്കുറിച്ചും പറയുമ്പോൾ ഇന്നത്തെ സാമൂഹിക അവസ്ഥയുമായി കെട്ടിച്ചേർത്തുപറയാൻ കഴിഞ്ഞ ആദ്ദേഹത്തിന്റെ ദീർഘവീക്ഷണത്തെ നാം ഏവരും പ്രശംസിക്കേണ്ടതാണ്.

കൊലപാതകം,കെട്ടുകവർച്ച,പോക്കറ്റടി എന്നിവ നിത്യസംഭവങ്ങളായ ആ നഗരത്തിൽ ദയ്യുപേരുകേട്ടവരില്ലെന്നുപറയുമ്പോൾ അതൊരു ചോദ്യചിഹ്നമായി വായനക്കാരുടെ മുന്നില്ലേക്ക് കടന്നുവരുന്നു.

വിശപ്പകറ്റാൻ വേണ്ടി കുറച്ച് അന്നം മോഷ്ടിച്ച് ആളുകൾ കെട്ടിയിട്ട് ക്രൂരമര്-ധനത്തിന് ഇരയാക്കിയ മധു എന്ന ആദിവാസിയുവാവിനെ കഥ ഇവിടെ ഓർമ്മപ്പെടുത്തുകായാണ്.

ഭക്ഷണത്തിനുവേണ്ടി എന്തു ചെയ്യുന്ന വ്യക്തികൾ നമ്മുടെ സമൂഹത്തിലുണ്ടെന്നും കൂടാതെ പണത്തിനായി ഏത് അരും കൊലയും ചെയ്യാൻ മടിക്കുന്ന വ്യക്തികളുണ്ടെന്നും നാം വിസ്മരിക്കേണ്ടതാണ്.

കുട്ടികൾക്കും മുതിർന്നവർക്കും വളരെ ലളിതവും സരസവുമായ വായിക്കാൻ കഴിയുന്ന ഒരു ചെറുകഥയാണിത്.ആധുനികതയിലേക്ക് കൈപിടിച്ചുയർത്താൻ ബഷീറിന്റെ ഈ സൃഷ്ടിക്ക് സാധിച്ചിട്ടുണ്ട്. പച്ചയായ മനുഷ്യന്റെ പൊള്ളത്തരങ്ങൾ വളരെ ലളിതമായ ആഖ്യാനശൈലി ഉപയോഗിച്ച് വിവരിക്കുന്നു.

കഥയിലുടനീളം ആശയവ്യക്തതഉണ്ടായെങ്കിൽ കൂടിയും കഥയുടെ അവസാനം പരത്തിപറയാതെ ഒതുക്കിപറയാൻ ആദ്ദേഹം മടികാണിച്ചില്ല. എല്ലാം വസ്തുങ്ങളും അഴിച്ച് നഗ്നനായി കണ്ണ് ചുരന്നെടുത്ത് നിൽക്കാൻ തയ്യാറെടുക്കുമ്പോൾ ആ നിർണ്ണായക സാഹചര്യത്തിൽ ദൈവദൂതനെ പോലെ കടന്നുവരുന്ന ഒരു മനുഷ്യനാണ് കഥയിലെ വഴിത്തിരിവിനിടയാക്കുന്നത്. പേര് ചോദിക്കുമ്പോൾ തനിക്ക് ചേരില്ലെന്നും അതിനുപകരം കഥാകാരൻ തന്നെ ഒരു പേര് തന്നിരിക്കുന്ന 'ദയവ്'. ഈ വരിയിലൂടെ കടന്നുപോകുമ്പോൾ നാം അറിയാതെ ഒരു ലോകത്തേക്ക് എത്തിയതുപോലെ.

കഥകാരൻ അദ്ദേഹത്തിന്റെ ദാരിദ്ര്യം കഥയിലുടനീളം വരച്ചുകാണിക്കുന്നു. അതുകൊണ്ട് തന്നെയാണ് കാലത്തെ ചായയും ഊണും ആദ്ദേഹം ഒഴവാക്കുന്നത്. ഇതിൽ നിന്നും പച്ചമനുഷ്യന്റെ അന്നവിചാരവും വിശപ്പിന്റെ വിളിയും കാശിന്റെ കുറവും കാണാം. കഥയിലെ ഓരോ വാക്കുകളും ആധുനിക സമൂഹത്തിൽ നിലനിൽക്കുന്ന വേദികളെക്കുറിച്ച തന്നെയാണ്. നർമ്മ-രസത്തിൽ പൊതിഞ്ഞ് അനുഭവങ്ങൾ വിവരിക്കാൻ കഥാകാരൻ ഇതിൽ






ഒരു മടിയും കാണിച്ചിട്ടില്ല. കഥാപാത്രങ്ങൾ ഇതിൽ കുറവാണെങ്കിലും അതിന്റെ ഒരു കുറവ് ഇതിൽ കാണിക്കുന്നില്ല എന്നത് വളരെ വ്യക്തമാണ്.

കഥകാരൻ അദ്ദേഹത്തിന്റെ ദാരിദ്ര്യം കഥയിലൂടനീളം വരച്ചുകാണിക്കുന്നു. അതുകൊണ്ട് തന്നെയാണ് കാലത്തെ ചായയും ഊണും ആദ്ദേഹം ഒഴുവാക്കുന്നത്. ഇതിൽ നിന്നും പച്ചമനുഷ്യന്റെ അന്നവിചാരവും വിശപ്പിന്റെ വിളിയും കാശിന്റെ കുറവും കാണാം.

കഥകാരൻ അദ്ദേഹത്തിന്റെ ദാരിദ്ര്യം കഥയിലൂടനീളം വരച്ചുകാണിക്കുന്നു. അതുകൊണ്ട് തന്നെയാണ് കാലത്തെ ചായയും ഊണും ആദ്ദേഹം ഒഴുവാക്കുന്നത്. ഇതിൽ നിന്നും പച്ചമനുഷ്യന്റെ അന്നവിചാരവും വിശപ്പിന്റെ വിളിയും കാശിന്റെ കുറവും കാണാം. കഥയിലെ ഓരോ വാക്കുകളും ആധുനിക സമൂഹത്തിൽ നിലനിൽക്കുന്ന വേദികളെക്കുറിച്ച തന്നെയാണ്. നർമ്മ രസത്തിൽ പൊതിഞ്ഞ് അനുഭവങ്ങൾ വിവരിക്കാൻ കഥാകാരൻ ഇതിൽ ഒരു മടിയും കാണിച്ചിട്ടില്ല. കഥാപാത്രങ്ങൾ ഇതിൽ കുറവാണെങ്കിലും അതിന്റെ ഒരു കുറവ് ഇതിൽ കാണിക്കുന്നില്ല എന്നത് വളരെ വ്യക്തമാണ്.

ബഷീർ ചെന്നെത്തുന്ന അതായത് കഥ നടക്കുന്ന സ്ഥലത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസം കുറവാണെന്ന് ഇതിൽ വരച്ചുകാണിക്കുന്നു. പക്ഷെ പണത്തിനോടുള്ള അവരുടെ ദുരാഗ്രഹം എന്തു ചെയ്യിക്കാനും ആരെ കൊല്ലിക്കാനും മടിക്കില്ല.

'വിശന്നചെന്നായക്കളെ പോലെയുള്ള നോട്ടം' 'കണ്ണ് ചുരന്നെടുക്കുക'. എന്നീ ഒരുപാട് വിശേഷണങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രമേയത്തിലും ആവിഷ്കാരത്തിലും വ്യത്യസ്ത പുലർത്തുന്ന കാവ്യ ഭാഷ. അനുപമമായ ആഖ്യാനശൈലി കഥയിൽ പുലർത്തുന്നു. പ്രകൃതിയും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള സുന്ദരമായ ആത്മബന്ധത്തെ ബഷീർ എത് സമയത്തും തന്റെ രചനകളിൽ ഉൾപ്പെടുത്തും.






“ദൈവം നിങ്ങളേയും എന്നേയും എല്ലാവരേയും രക്ഷിക്കട്ടെ മംഗംളം" എന്ന രീതിയിലാണ് കഥ അവസാനിക്കുന്നത്. ഒരു പൂർണത കഥയിൽ വരുത്തിയിട്ടില്ല എന്നത് വളരെ സവിശേഷമായ ഒരു കാര്യം തന്നെയാണ്. സമൂഹത്തിന് എതിരെ വിമർശനം നിറഞ്ഞ

ഒരു പാട് ചോദ്യങ്ങൾ കഥാകൃത്ത് ഇതിൽ അവതരിപ്പിക്കുന്നു. പുതിയ ഗന്ധം സമ്മാനിക്കുന്ന പൂക്കൾപോലെ വളരെ മനോഹരവും ലാളിത്യവും നിറഞ്ഞ ഒരു രചന.

ഒരു മനുഷ്യൻ എന്ന തലക്കെട്ട് കഥക്ക് ഒരു പാട് യോജിച്ചതാണ്. പേരറിയാത്ത, നാടറിയാത്ത, ഒരു മനുഷ്യൻ. കഥാപാത്രങ്ങളുടെ വേഷവിധാനങ്ങൾ വളരെ ഭംഗിയിൽ കാണിക്കുന്നു. കോട്ടും സ്യൂട്ടും വെള്ളുത്ത തൊപ്പിയും തവപ്പാവും അങ്ങനെ അങ്ങനെ എല്ലാം. ബഷീർ തന്റെ കാലഘട്ടത്തിൽ എഴുതിവെച്ചതെല്ലാം ഇന്ന് യാഥ്യാർത്ഥ്യമായി ക്കൊണ്ടിരിക്കുകയാണ്.





# കണ്ണിർപെയ്ത്ത്

അതിന്റെ വരവ് മെല്ലെയാണ്
കുളിർമ നൽകാനെന്നപോലെ
മൃദുവായി ചാറാൻ തുടങ്ങും.

പെട്ടന്നാണത് അത് ആർത്തട്ടഹസിച്ച്
പെയ്യാൻ തുടങ്ങുന്നത്.
പലരും ശക്തിയായ അതിന്റെ
ഒഴുക്കിൽ ഒലിച്ചുപോകും.

തൃപ്തിയായാൽ
വീണ്ടും വരാമെന്ന സന്ദേഹം.....
കൊലച്ചിരിയോടെ പോകുന്ന
ആപെയ്ത്തിനു ശേഷം
ബാക്കിയുള്ളവ

ഉത്തരത്തിൽ സാരികളോ
കുഞ്ഞുടുപ്പുകളോ ആയി
തൂങ്ങിക്കിടന്നു തുറിച്ചുനോക്കും.

ആര്യ ലക്ഷ്മി. എൻ. ജെ
8.G

# വരകൾ









# DREAM

Saffa abdul samad
XJ

In my dream,
there is an angel.
My heart asks me....
who she is.
I don't know, why?

I admired bee
for bee lovely smile
upon bee face
for bee eyes
they shone brightly

I admired bee for
bee strength and courage
But, still......the question remains,
Who she is?






# എന്റെ മണ്ണ്


Ansiya. K h

സുന്ദരമായൊരു മണ്ണ്
ജീവിതം തരുമൊരു മണ്ണ്
കാഴ്ചകൾ കണ്ടു നടക്കാം,
നമ്മുടെ സുന്ദര മായൊരു മണ്ണിൽ,
പൂക്കൾ തൻ സുഗന്ധം തേടാം,
കുയിലിൻ പാട്ടുകൾ കേൾക്കാം,
മയിലിൻ നൃത്തം കാണാം,
വാർമഴവില്ലിൻ ചന്തം നോക്കാം.
കാണുമ്പോഴാരും ആശിച്ചു പോകും
പൊന്നു പോലെ തിങ്ങുമീ മണ്ണിൽ,
പുല്ലായെങ്കിലും തളിർക്കാൻ.
പുലരിയിൽ വെളിച്ചം വീശുമ്പോൾ
ഭൂമി സൂര്യനോട് ചിരിക്കും.
എല്ലാം സഹിക്കുന്ന ഭൂമി,
സ്വപ്നങ്ങളുറങ്ങുന്ന ഭൂമി,
ഇത് എന്റെ സ്വന്തം നാട്

എന്റെ മാത്രം നാട്.

# കാർട്ടൂൺ



# ഒരു ജിമ്പ് ചിത്രം








# നന്ദി

ഇ വായനയുടെ പുതുചിന്തകൾ പകർന്ന് നൽകിയ
ഫ്രീ വിംഗ്സിലെ അണിയറശിൽപ്പികളോടുള്ള നന്ദിയും കടപ്പാടും പറഞ്ഞറിയിക്കാനാവാത്തതാണ്.....
ഇ വായനയുടെ പുതുപിറവികൾ കുട്ടികൾക്ക് പകർന്ന് ഇ മാഗസിൻ നിർമാണത്തിന് പ്രചോദനം നൽകിയ നജീബ് മാഷ്, ബീന ടീച്ചർ, രാധാമണി ടീച്ചർ, പി.ബി സ്മിത ടീച്ചർ.........
ഇ മാഗസിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ഇ മാഗസിന് കഥകളും കവിതകളും തന്ന് നിറപകിട്ട് നൽകി പങ്കാളികളായ പ്രിയപ്പെട്ട കുട്ടികൾ എല്ലാവർക്കും നന്ദി.......നന്ദി......നന്ദി..

ലിറ്റിൽകൈറ്റ്സ് ടീം